പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

<u>പി.എം.ജി.എസ്.വൈ. പ്രകാരം വൈപ്പിൻ മണ്ഡലത്തിലെ പ്രവൃത്തികൾ</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2950

21.06.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. എസ്. ശർമ്മ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം റോഡ് നിർമ്മിക്കുവാൻ എടുത്ത നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ഏറ്റെടുക്കുന്നതിന് ജില്ലാപഞ്ചായത്തുകൾ സമർപ്പിക്കുന്ന റോഡുകളുടെ മുൻഗണനാ പട്ടിക ക്രോഡീകരിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് ലെവൽ സ്റ്റാന്റിംഗ് കമ്മിറ്റി (എസ്.എൽ.എസ്.സി.)യുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും അതനുസരിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസിയുടെ അംഗീകാരത്തോടെ കേന്ദ്രസർക്കാരിന് സമർപ്പിച്ച് അനുമതി വാങ്ങിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഏതൊക്കെ മണ്ഡലത്തിലാണ് റോഡുകൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം എറണാകുളം ജില്ലയിൽ താഴെ പറയുന്ന മണ്ഡലങ്ങളിലാണ് റോഡുകൾ അനുവദിച്ചിട്ടുള്ളത്<br>പെരുമ്പാവൂർ, അങ്കമാലി, ആലുവ, വൈപ്പിൻ, പിറവം, കുന്നത്തുനാട്, മൂവാറ്റുപുഴ, കോതമംഗലം |
| (സി) | പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം വൈപ്പിൻ മണ്ഡലത്തിൽ പുതുതായി തെരഞ്ഞെടുത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (സി) | വൈപ്പിൻ മണ്ഡലത്തിലെ C.U.P.L. (Comprehensive Upgradtion Prioirty List) ലിസ്റ്റിൽ വരുന്ന റോഡുകൾക്ക് പദ്ധതി മാർഗ്ഗരേഖ പ്രകാരം ആവശ്യത്തിന് വീതി ലഭ്യമാക്കാത്തതിനാൽ ഫേസ് 8 ൽ ഉൾപ്പെടുത്തി പുതിയ റോഡുകൾ എടുക്കാൻ സാധിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ